(സി) പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത എൽ.എ. (ജനറൽ) ഓഫീസുകളിലെ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ കാരണമെന്ത്;

(ഡി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും, കളക്ടറേറ്റുകളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള ജോലി ഭാരവും അതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ തസ്തികകൾ ഇത്തരം സ്ഥാപനങ്ങളിൽ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ നാല് വർഷത്തിനകം റവന്യൂ വകുപ്പിൽ 707 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) 590 തസ്തികകൾ പുനർവിന്യാസത്തിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (പി)നം. 34/03/പി.ആൻഡ് എ.ആർ.ഡി, തീയതി, 19-11-2003 പ്രകാരം നിർത്തലാക്കിയതാണ്. ഇടുക്കി ജില്ലയിൽ പട്ടയ വിതരണത്തിനായി ആരംഭിച്ച മൂന്ന് സ്പെഷ്യൽ തഹസിൽദാർ (ഭൂമി പതിവ്) ഓഫീസുകൾ ജോലികൾ പൂർത്തിയായതിനെത്തുടർന്ന് സർക്കാർ ഉത്തരവ് 1538/04/ആർ.ഡി. തീയതി 4-3-2004 പ്രകാരം നിർത്തലാക്കി. എൽ.എ.കെ.എസ്.ബി. ഓഫീസ്, എൽ.എ. ദേശീയ ജലപാത ഓഫീസുകൾ, എൽ.എ. റെയിൽവേ തുടങ്ങിയ സ്പെഷ്യൽ ഓഫീസുകളും സർക്കാർ തീരുമാനപ്രകാരം നിർത്തലാക്കിയിട്ടുണ്ട്.

(സി) എൽ.എ. ജനറൽ ഓഫീസുകൾ നിർത്തലാക്കിക്കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് തൽക്കാലത്തേക്ക് നടപടി നിർത്തലാക്കിക്കൊണ്ട് ജി.ഒ.(ആർടി.)നം. 1316/05/ആർഡി, തീയതി, 4-3-2005-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വില്ലേജാഫീസുകളിലും താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും അനുവദിച്ചിട്ടുള്ള തസ്തികകളിൽ ജീവനക്കാരുണ്ട്. എന്നാൽ താലൂക്ക് ആഫീസുകളിലും വില്ലേജാഫീസുകളിലും ജോലിഭാരം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സർവെ ലാൻഡ് റിക്കോർഡിൽ സർവെയർ ഗ്രേഡ്-2 തസ്തിക

15 [2904] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവെ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റിൽ സർവെയർ ഗ്രേഡ്-2-ന്റെ എത്ര തസ്തികകളാണ് ആകെയുള്ളത്;

(ബി) ഇതിൽ നിലവിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 828 തസ്തികകൾ.

(ബി) 316 തസ്തികകൾ.

വില്ലേജ്/താലൂക്ക് പുനഃസംഘടന

16 [2905] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതുതായി എത്ര വില്ലേജുകളും താലൂക്കുകളും പുനഃസംഘടിപ്പിക്കുന്നതിനാണ് നടപടികൾ പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് പുനഃസംഘടനാ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ടി ആവശ്യത്തിന്മേൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. പുതിയ കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ താലൂക്കുകളുടെ രൂപീകരണം സാദ്ധ്യമാകൂ.

താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടന

17 [2906] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടനാ പൂർത്തീകരണം എവിടെവരെയായി എന്ന് വിശദമാക്കുമോ;

(ബി) പുനഃസംഘടിപ്പിക്കാത്തവ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ താലൂക്ക് ലാന്റ് ബോർഡ് അംഗങ്ങൾ ആരൊക്കെയാണെന്ന് പേരുസഹിതം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly